I/77726/2022

# തദ്ദേശസ്വയംഭരണ (നഗരകാര്യം) ഡയറക്ടറേറ്റ്

സ്വരാജ് ഭവൻ, നന്തൻകോട്
തിരുവനന്തപുരം
ഫോൺ: 0471-2318896
E mail ID:duatvpm@gmail.com

DUA/7726/2022-G3 തീയതി :05-12-2022

## ക്വട്ടേഷൻ നോട്ടീസ്

തദ്ദേശസ്വയംഭരണ (നഗരകാര്യം) ആസ്ഥാന ഓഫീസിലേക്ക് 5 സീറ്ററോ അതിനു മുകളിലോ ഉള്ള എയർ കണ്ടീഷണർ കാർ, ഡ്രൈവർ ഉൾപ്പെടെ ഒരു വർഷത്തേക്ക് ലീസിന് (വാടകയ്ക്ക്) നൽകുന്നതിന് താൽപര്യമുള്ള ട്രാവൽ ഏജൻസി/വ്യക്തികളിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ 13.12.2022 ഉച്ചക്ക് 12.00 മണിക്ക് മുൻപായി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് മുൻപാകെ സമർപ്പിക്കേണ്ടതാണ്.

**ക്വട്ടേഷൻ വ്യവസ്ഥകൾ**

| |
|---|
| വാഹന വാടക, ഇന്ധന ചാർജ്ജ്, ഡ്രൈവറുടെ ശമ്പളം, ഇൻഷുറൻസ്, റിപ്പയറിംഗ് ഉൾപ്പെടെയുള്ള മറ്റു ചെലവുകൾ എന്നിവ അടക്കം പ്രതിമാസ നിരക്ക് ക്വാട്ട് ചെയ്യേണ്ടതാണ്. |

| | | |
|---|---|---|
| വാഹന മാതൃക | : | 5 സീറ്ററോ അതിനു മുകളിലോ ഉള്ള എയർ കണ്ടീഷണർ കാർ (2020 ജനുവരിക്കു ശേഷം രജിസ്റ്റർ ചെയ്തത്). |
| വാഹനം ലഭ്യമാക്കേണ്ട സമയക്രമം | : | കരാർ തിയതി മുതൽ എല്ലാ ദിവസവും 9 മണി മുതൽ വൈകുന്നേരം 6 മണി വരെ |
| നിശ്ചിത നിരക്ക് ക്വാട്ട് ചെയ്യേണ്ട പ്രതിമാസ ഉപഭോഗം | : | 1500 കിലോ മീറ്റർ |
| നിരതദ്രവ്യം | : | ക്വട്ടേഷനോടൊപ്പം തദ്ദേശസ്വയംഭരണ (നഗരകാര്യം) ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ₹500 രൂപയുടെ ഡി.ഡി നിരതദ്രവ്യമായി നൽകേണ്ടതാണ്. |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതിയും സമയവും | : | 13.12.2022 ഉച്ചക്ക് 12.00 മണി വരെ |
| ക്വട്ടേഷൻ തുറക്കുന്ന തിയതിയും സമയവും | : | 13.12.2022 ഉച്ചതിരിഞ്ഞ് 04.00 മണി |
| ക്വട്ടേഷൻ സമർപ്പിക്കേണ്ട രീതി | : | സീൽ ചെയ്ത കവറിൽ (ക്വട്ടേഷൻ) |

**നിബന്ധനകൾ**

| | |
|---|---|
| 1 | 1500 കിലോ മീറ്ററിനുള്ള പ്രതിമാസ നിരക്ക്, 1500 കിലോമീറ്ററിന് മുകളിൽ അധികമായി വരുന്ന ഓരോ കിലോമീറ്ററിനുമുള്ള നിരക്ക്, ക്വട്ടേഷനറുടെ ഒപ്പം പേരും മേൽവിലാസവും എന്നിവ വ്യക്തമായി ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്. |
| | |

I/77726/2022

| | |
|---|---|
| 2. | സമർപ്പിക്കുന്ന ക്വട്ടേഷനോടൊപ്പം ഫോട്ടോ പതിച്ച ഐ ഡി കാർഡിന്റെ പകർപ്പം വാഹനത്തിന്റെ ഡോകുമെന്റുകളുടെ പകർപ്പ്, നിരതദ്രവ്യം കൂടി ചേർത്തിരിക്കണം. അർഹമായ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യ ആദ്യ രണ്ടു പേരുടെ നിരതദ്രവ്യം കരാർ നടപടികൾ പൂർത്തീകരിച്ച ശേഷം മാത്രം തിരികെ ലഭിക്കുന്നതാണ്. മറ്റുള്ളവരുടെ നിരദ്രവ്യം ഒറിജിനൽ ഐ.ഡി. കാർഡ് ഹാജരാക്കി ആധികാരികത ഉറപ്പ വരുത്തിയതിനുശേഷം തിരികെ നൽകുന്നതാണ്. |
| 3. | വാഹനത്തിന്റെ ഇന്ധനച്ചെലവ്, മെയിൻറനൻസ് ചെലവുകൾ, ഡ്രൈവറുടെ ശമ്പളം, ബത്തകൾ, വാഹനവുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ എന്നിവ അടക്കമുള്ള നിരക്കായിരിക്കണം ക്വാട്ട് ചെയ്യേണ്ടത്. |
| 4. | സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനത്തിൽ നിന്നുമുള്ള മുൻപരിചയം ഉണ്ടെങ്കിൽ നൽകേണ്ടതാണ്. |
| 5. | ഏതെങ്കിലും സാഹചര്യത്തിൽ കരാർ വാഹനത്തിനു ഓടാൻ തടസ്സമുണ്ടായാൽ പകരം വാഹനം ലഭ്യമാക്കേണ്ടതാണ്. |
| 6. | തെരഞ്ഞെടുക്കപ്പെടുന്ന ട്രാവൽ ഏജൻസി / വാഹന ഉടമകൾ തദ്ദേശസ്വയംഭരണ (നഗരകാര്യം) വകുപ്പുമായി ₹200 രൂപയുടെ മുദ്രപത്രത്തിൽ കരാറിൽ ഒപ്പിടേണ്ടതാണ്. |
| 7. | കരാർ വ്യവസ്ഥയിൽ വാഹനം നൽകുന്നതിൽ രണ്ടു തവണയിൽ കൂടുതൽ വീഴ്ചവരുത്തുകയോ ബില്ലിൽ കൃത്രിമം കാണിക്കുകയോ ജീവനക്കാരോട് ഡ്രൈവർ മോശമായി പെരുമാറുകയോ ചെയ്തായി ശ്രദ്ധയിൽപ്പെട്ടാൽ യാതൊരു മുന്നറിയിപ്പം കൂടാതെ കരാർ റദ്ദാക്കുന്നതാണ്. |
| 8. | വകുപ്പിൽ നിന്നും നൽകുന്ന വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലിക്കേണ്ടതാണെന്നും, ഉപയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ ഒപ്പം മേലൊപ്പം വങ്ങേണ്ടതാണ്. |
| | |

1. തദ്ദേശസ്വയംഭരണ (നഗരകാര്യം) ആസ്ഥാന ഓഫീസ് (നോട്ടീസ് ബോർഡ്)

2.തദ്ദേശസ്വയംഭരണ (നഗരകാര്യം) വെബ് സൈറ്റ്

3. പബ്ലിക് ഓഫീസ് ബിൽഡിംഗ് (നോട്ടീസ് ബോർഡ്)

4. വികാസ് ഭവൻ (നോട്ടീസ് ബോർഡ്)

**തദ്ദേശസ്വയംഭരണ (നഗരകാര്യം) ഡയറക്ടർ**